# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2614      17.06.2019-ന് മറുപടിയ്ക്ക്

## കെ.എസ്.ബി.സി.ഡി.സി. യിലെ വായ്പാ ഇളവുകൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :** | **ശ്രീ. എ. കെ. ബാലൻ**<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കെ.എസ്.ബി.സി.ഡി.സി. യിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി വായ്പയ്ക്ക് അപേക്ഷിച്ചവരിൽ എത്രപേർക്ക് തുക നൽകിയെന്നും എത്രപേർക്ക് അവരുടെ അപേക്ഷ നിരസിച്ചതായി അറിയിപ്പ് നൽകിയെന്നും വ്യക്തമാക്കുമോ ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ കെ.എസ്.ബി.സി.ഡി.സി. യിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി വായ്പയ്ക്ക് അപേക്ഷിച്ചവരിൽ 1,33,255 അപേക്ഷകർക്ക് തുക നൽകിയിട്ടുണ്ട്.<br>വായ്പയ്ക്കായുള്ള അപേക്ഷ സമർപ്പിച്ചതിന് ശേഷം മതിയായ ജാമ്യ രേഖകൾ സമർപ്പിക്കാതെ അപേക്ഷകൻ പിൻമാറുകയോ, വായ്പയ്ക്കായുള്ള അപേക്ഷ സമർപ്പിച്ചതിന് ശേഷം പദ്ധതി നടപ്പിലാക്കുന്നതിൽ നിന്നും അപേക്ഷകൻ പിൻമാറുകയോ ചെയ്യുന്ന സാഹചര്യങ്ങളിൽ വായ്പകൾ നൽകിയിട്ടില്ല. ഇത് സംബന്ധിച്ച കൃത്യമായ കണക്ക് ലഭ്യമല്ല. |
| (ബി) ടി സ്ഥാപനത്തിൽ നിന്ന് വായ്പയ്ക്ക് അപേക്ഷിക്കുന്നവർക്ക് നിലവിലുള്ള മാനദണ്ഡങ്ങളിൽ ഇളവ് നൽകുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഏതെല്ലാം കാര്യങ്ങളിൽ എന്ന് മുതൽ ഇളവ് അനുവദിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ബി) ഇല്ല. വളരെ ലളിതമായ നിബന്ധനകളിലാണ് ഇപ്പോൾ കോർപ്പറേഷൻ വായ്പാ പദ്ധതികൾ നടപ്പിലാക്കി വരുന്നത്. നിലവിലുള്ള ഭൂരിപക്ഷം നിബന്ധനകളും കോർപ്പറേഷന്റെ ഫണ്ടിംഗ് ഏജൻസികളായ ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ, ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ എന്നീ ദേശീയ ഏജൻസികൾ നിഷ്കർഷിക്കുന്നവയാണ്. ആയതിനാൽ നിലവിലുള്ള മാനദണ്ഡങ്ങളിൽ ഇളവ് നൽകുന്ന വിഷയം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ